ഗഡു (6 മാസത്തെ) പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. ഈ രണ്ട് ഗഡു കൂടി കുടിശ്ശിക നൽകുന്നതിന് ഏകദേശം 19,13,00,000 രൂപ വേണ്ടിവരും. 31.3.99 വരെ 3,00,784 പേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകിയിട്ടുണ്ട്.

(ഡി) 1996-97 സാമ്പത്തികവർഷം മുതൽ കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ച എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ശരിയായ കണക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ വകുപ്പു ശേഖരിച്ചുവരികയാണ്. പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ശരിയായ കണക്ക് ലഭിച്ചാൽ ഉടൻ കുടിശ്ശിക പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

104 (1210) കർഷകത്തൊഴിലാളികൾക്കു പെൻഷൻ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കർഷകത്തൊഴിലാളികൾക്ക് പുതുതായി പെൻഷൻ നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) നേരത്തെ എത്ര കർഷകത്തൊഴിലാളികൾക്കാണ് പെൻഷൻ കിട്ടിക്കൊണ്ടിരുന്നത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പു മുഖാന്തിരം പുതുതായി ആർക്കും കർഷകത്തൊഴിലാളി പെൻഷൻ നൽകിയിട്ടില്ല. പുതുതായി കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

(ബി) 31.3.99 വരെ 3,00,784 കർഷകത്തൊഴിലാളികൾക്കാണ് പെൻഷൻ നൽകിക്കൊണ്ടിരുന്നത്.

105 (1211) തൊഴിലില്ലായ്മ വേതനം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ എത്ര മാസത്തെ തൊഴിലില്ലായ്മ വേതനം കുടിശ്ശിക വരുത്തിയിട്ടുണ്ട്; വേതനം, കുടിശ്ശിക വേതനം എന്നത്തേയ്ക്ക് കൊടുത്തു തീർക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലില്ലായ്മ വേതനത്തിന് അർഹരായവരുടെ എണ്ണത്തിന് കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും കാരണമെന്താണെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly